PAN/11965/2021-E1(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
directorofpanchayatsestt@gmail.com
**0471-2321054 തീയതി : 05/08/2022**

**നോട്ടീസ്**

വിഷയം: പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം -ഓൺലൈൻ പൊതുസ്ഥലമാറ്റം 2022 - സംസ്ഥാന തല സ്ഥലംമാറ്റത്തിനായുള്ള അപേക്ഷകരുടെ കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:
1. സ.ഉ(പി) നം. 3/2017/ഉഭപവ തീയതി 25/02/2017
2. സ.ഉ(കൈ) നം. 125/2022/തസ്വഭവ തീയതി 16/06/2022
3. സ.ഉ(കൈ) നം. 130/2022/തസ്വഭവ തീയതി 22/06/2022
4. പഞ്ചായത്ത് ഡയറക്ടറുടെ 25/06/2022 ലെ PAN/11965/2021-E1(DP) നമ്പർ സർക്കുലർ
5. പഞ്ചായത്ത് ഡയറക്ടറുടെ 01/07/2022 ലെ PAN/11965/2021-E1(DP) നമ്പർ സർക്കുലർ
6. പഞ്ചായത്ത് ഡയറക്ടറുടെ 19/07/2022 ലെ PAN/11965/2021-E1(DP) നമ്പർ സർക്കുലർ

സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെയും ഈ കാര്യാലയത്തിൽ നിന്നും പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളിലേയ്ക്ക് 2022 ലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിൻ പ്രകാരം ജീവനക്കാർ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സാധുവായ അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ അംഗീകരിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല സ്ഥലംമാറ്റത്തിനായുള്ള കരട് ജനറൽ ക്യൂ ലിസ്റ്റ്, അനുകമ്പാർഹ, പ്രത്യേക മുൻഗണന/പരിരക്ഷിക്കപ്പെട്ടവർ എന്നിവയുള്ള കരട് ക്യൂ ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുന്നു. സാധുവായ അപേക്ഷകൾ നൽകിയവരുടെ ലിസ്റ്റ്, ഒരേ ഓഫീസിൽ മൂന്ന് വർഷം പൂർത്തിയാക്കിയവരുടെ ലിസ്റ്റ് എന്നിവയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

കരട് ക്യൂ ലിസ്റ്റുകൾ **https://generaltransfer.lsgkerala.gov.in** എന്ന വെബ് സൈറ്റിൽ ജീവനക്കാരുടെ ലോഗിനിൽ പരിശോധിക്കാവുന്നതാണ്. കരട് ക്യൂ ലിസ്റ്റിൽ മേൽ ആക്ഷേപമുള്ള ജീവനക്കാർക്ക് ടി വെബ് സൈറ്റ് മുഖാന്തിരം ഓൺലൈനായി ആക്ഷേപങ്ങൾ **09/08/2022** വരെ സമർപ്പിക്കാവുന്നതാണ്. മേൽ സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്ത ആക്ഷേപങ്ങളും , ഓൺലൈനായി അല്ലാതെ സമർപ്പിക്കുന്ന ആക്ഷേപങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കരട് ക്യൂ ലിസ്റ്റുകൾ **https://dop.lsgkerala.gov.in** എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്:-

എല്ലാ ജീവനക്കാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ജില്ല/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

Signature Not Verified

Digitally signed by DINESHAN H
Date: 2022.08.05 11:18:44 IST
Reason: Approved